# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 459 - 08/08/2017 - ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രോജക്റ്റ് റിപ്പോർട്ടുകൾ

**ചോദ്യം** | **ഉത്തരം**

ശ്രീ. എസ്. ശർമ്മ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രൊജക്റ്റ് റിപ്പോർട്ടുകളും, എസ്റ്റിമേറ്റും നിബന്ധനകൾക്ക് അനുസൃതമായി, സമയബന്ധിതമായി സമർപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും പദ്ധതികൾ സമയ ബന്ധിതമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്ത് വരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ടുകളും എസ്റ്റിമേറ്റും നിബന്ധനകൾക്ക് അനുസൃതമായി സമയബന്ധിതമായി സമർപ്പിക്കുന്നതിലേയ്ക്കായി പ്രസ്തുത വകുപ്പിൽ നിന്ന് സമയ ക്രമം (Time line) ഉൾപ്പെടെയുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 28.03.2017-ലെ സർക്കുലർ നമ്പർ 1053625/സി.സി.1/2016/പ്ലാനിംഗ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും പ്രോജക്ടുകൾ സമയത്ത് ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ